കുത്തകപ്പാട്ടം.

334. [26] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം താലൂക്കിൽ പാങ്ങപ്പാറ പകുതിയിൽ ഉള്ളതും റവന്യൂ ഡിപ്പാർട്ടുമെൻറധീനതയിലുള്ളതും ഇപ്പോൾ കുത്തകപ്പാട്ടത്തിനു കൊടുത്തിരിക്കുന്നതുമായ നാലു് ഏക്കർ ഭൂമി ശ്രീകാര്യം പഞ്ചായത്തിൽ കുത്തകപ്പാട്ടത്തിനു വിട്ടുകൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് പഞ്ചായത്തിൽനിന്നും വല്ല അപേക്ഷയും ഗവണ്മെൻറിനു ലഭിക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറു് അതിന്മേൽ ഇതിനകം വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു് ?

ഉത്തരം.

(എ) പാങ്ങപ്പാറ പകുതിയിലുള്ള സർവ്വെ 1385-ം, 1386-ം നമ്പരുകളിൽ ഉൾപ്പെട്ട 5 ഏക്കർ 25 സെൻറു് വിസ്തീർണ്ണമുള്ള പുറമ്പോക്കു് ശ്രീകാര്യം പഞ്ചായത്തിനു വിട്ടുകൊടുക്കണമെന്നുള്ള ടി പഞ്ചായത്തിലെ 30-11-'53-ലെ 12-ാംനമ്പർ നിശ്ചയത്തിൻെറ പകർപ്പു് കിട്ടിയിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി) പഞ്ചായത്തു നിശ്ചയത്തിൻെറ പകർപ്പു് തിരുവനന്തപുരം ഡിസ്ട്രിക്ടു് കളക്ടർക്കു് അയച്ചുകൊടുത്തിട്ടുള്ളതും നടപടികൾ നടത്തിവരികയുമാണു്.

ഗ്രാമോദ്ധാരണ സഹകരണസംഘങ്ങൾ.

335. [31] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേനീച്ചവളർത്തൽ, നെയ്ത്തു്, കോഴി വളർത്തൽ, വിത്തുകാള സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി സർക്കാരിൽനിന്നു് ഗ്രാൻറു വാങ്ങുന്ന എത്ര സഹകരണസംഘങ്ങൾ കുന്നത്തൂർ താലൂക്കിലുണ്ടു്; ഏതെല്ലാം സംഘങ്ങൾക്കു കിട്ടുന്നു; എത്ര കൊല്ലങ്ങളായി ഗ്രാൻറു നൽകുന്നുണ്ടു്; ഓരോ വർഷവും എത്ര തുകയാണു് നൽകിയിട്ടുള്ളതു് ;

(ബി) ടി സംഘങ്ങളുടെ ഇന്നത്തെ പ്രസിഡൻറു്, സെക്രട്ടറി തുടങ്ങിയ ഭാരവാഹികൾ ഏതൽസ്ഥാനങ്ങളിൽ ഇരിപ്പായിട്ടു് എത്ര കൊല്ലം വീതമായിട്ടുണ്ടു്; ചില സംഘങ്ങൾക്കു് അനുവദിച്ച തുകകൾ ഏതാനുംപേർ ചേർന്നു് വീതിച്ചെടുത്തതിനെപ്പറ്റി പരാതിയുണ്ടായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) കുന്നത്തൂർ താലൂക്കിൽ മൂന്നു സഹകരണ സംഘങ്ങൾക്കു തേനീച്ച വളർത്തലിനു് സർക്കാരിൽ നിന്നു് ഗ്രാൻറു നൽകിയിട്ടുണ്ടു്. 1953-54-ൽ ഇളമണ്ണൂർ 1130-ാംനമ്പർ സഹകരണസംഘത്തിനു് 500 രൂപയും, ഏനാദിമംഗലം 2151-ാംനമ്പർ വിവിധോദ്ദേശസഹകരണ സംഘത്തിനു് 500 രൂപയും, പറക്കൽ 2905-ാംനമ്പർ വിവിധോദ്ദേശ സഹകരണസംഘത്തിനു് 100 രൂപയും ഗ്രാൻറു നൽകിയിട്ടുണ്ടു്.

1954-55-ൽ കുന്നത്തൂർ താലൂക്കിലുള്ള യാതൊരു സഹകരണ സംഘങ്ങൾക്കും ഗ്രാൻറു നൽകിയിട്ടില്ല.

(ബി) ഇല്ല.

Announcement by the Speaker.

Re: Questions of privilege.

MR. SPEAKER: Order, Order. Question time is over.

9 A.M. Now I have an announcement to make regarding questions of alleged breach of privilege given notice of by Shri P. Viswambaran, and Shri K. C. George.

Shri P. Viswambaran has given notice to raise a question of privilege of the Assembly, *viz.*, 'the brutal lathi charge by the Police within the precincts of the Assembly' under Rule 159 of the Rules of procedure. The hon. Member's plea that the incident involves a breach of privilege of the Assembly presumably rests on the ground that the incident has taken place within the precincts of the House on the 5th October 1955, when the current session of the Legislature was about to commence. So far as this Legislature is concerned, it does not appear that the extent of the precincts of the House has been precisely defined so far.

I have also received another letter from Shri K. C. George, another hon. Member of this House alleging misconduct on the part of another Police officer and requesting that such sort of behaviour requires the intervention of the Assembly.

Under these circumstances and in view of the seriousness of the allegations, I think it only just that these questions are looked into by the Committee of Privileges. I am therefore, without coming to any conclusions, referring these questions to the Committee of Privileges for examination, enquiry and report. The Committee will submit its report to the Assembly before the close of the next Budget session. The terms of reference to the Committee will be broadly the following:-

LIBRARY ARCHIVES Kerala Legislative Assembly